# സംസ്ഥാന ജി.എസ്.ടി വകുപ്പ്

ടാക്സ് ടവർ, കിള്ളിപ്പാലം
കരമന, തിരുവനന്തപുരം

ഡിസംബർ: 20, 2018

## പത്രക്കുറിപ്പ്

## ജി.എസ്.ടി. റിട്ടേൺ സമർപ്പിക്കാത്ത വ്യാപാരികൾക്ക് നികുതി വകുപ്പിന്റെ നോട്ടീസ്

തിരുവനന്തപുരം: ചരക്ക് സേവന നികുതി നിയമപ്രകാരം സമർപ്പിക്കേണ്ട ജി.എസ്.ടി.ആർ.–3ബി റിട്ടേൺ സമർപ്പിക്കാത്ത വ്യാപാരികൾക്ക് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് നോട്ടീസ് നൽകി തുടങ്ങി.

ജി.എസ്.ടി രണ്ടാം വർഷത്തിലേയ്ക്ക് കടക്കുമ്പോഴും ചില വ്യാപാരികൾ റീട്ടേൺ സമർപ്പിക്കുന്നതിൽ ഗുരുതര വീഴ്ച വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് ശക്തമായ നടപടികൾ ആരംഭിച്ചിരിക്കുന്നത്. റിട്ടേൺ സമർപ്പിക്കാത്ത വ്യാപാരികൾക്കുള്ള ജി.എസ്.ടി.ആർ.–3എ നോട്ടീസ് ഓൺലൈനായി വ്യാപാരിയുടെ രജിസ്റ്റർ ചെയ്ത ഇ–മെയിലിലേയ്ക്കാണ് അയക്കുന്നത്. നോട്ടിസ് ലഭിച്ച് 15 ദിവസത്തിനുള്ളിൽ റിട്ടേൺ സമർപ്പിച്ച് അസസ്സ്മെന്റ് നടപടികളിൽ നിന്ന് ഒഴിവാകാൻ വ്യാപാരിയ്ക്ക് അവസരം ലഭിക്കും. റിട്ടേൺ സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ള വ്യാപാരികൾ ജി.എസ്.ടി.എന്നിൽ രജിസ്റ്റർ ചെയ്ത ഇ–മെയിലിൽ വിലാസത്തിൽ ലഭിച്ചിട്ടുള്ള നോട്ടിസ് പരിശോധിക്കണമെന്ന് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് അഭ്യർത്ഥിച്ചു.